(സി) സ്പെഷ്യൽ സർവ്വീസുകാർക്ക്, സ്പെഷ്യൽ ഡ്യൂട്ടിയിൽ അയക്കപ്പെടുന്നവർക്ക് സ്പെഷ്യൽ സർവ്വീസ് അലവൻസും, യാത്രപ്പടിയും ജോയിനിംഗ് ടൈമും, ഇപ്പോൾ നൽകാവുന്നതാണോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ചുള്ള ഒരു നിവേദനം പരിഗണനയിലിരിക്കുന്നു.

(സി) ഇല്ല.

കാണിപ്പാറ ഭൂമി

56. [3] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കാണിപ്പാറ ഭൂമികളുടെ വിസ്തീർണ്ണമെത്ര;

(ബി) ഈ ഭൂമിയിൽ ഇപ്പോൾ എത്രപേർ സ്ഥിരതാമസക്കാരായി കൃഷിചെയ്യുന്നുണ്ട് ;

(സി) കാണിപ്പാറ ഭൂമിയിൽനിന്നും ഗവണ്മെൻറിന് ആണ്ടിനാൽ എന്തു വരുമാനമുണ്ട് ;

(ഡി) കാണിപ്പാറ സ്ഥലങ്ങൾ കൃഷിക്കാർക്ക് പതിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) നെയ്യാർ ഡാമിൻറെ പണി പൂർത്തിയാകുന്നതോടെ പ്രസ്തുത ഡാമിൻറെ ക്യാച്ച്മെൻറ് ഏരിയയിൽപ്പെടുന്ന കാണിപ്പാറ ഭൂമിയുടെ വിസ്തീർണ്ണമെത്ര ; ഇതിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട് ;

(എഫ്) ഈ കർഷക കുടുംബങ്ങൾ ഉടനടി സ്ഥലംവിട്ടുകൊള്ളണമെന്നു കാണിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ജി) അനേക കൊല്ലങ്ങളായി താമസിച്ചു കൃഷിചെയ്യുന്നവർക്ക് എന്തു പ്രതിഫലം കൊടുത്തു വസ്തു ഒഴിപ്പിക്കണമെന്നാണ് ഗവണ്മെൻറ് കരുതുന്നത് ?

ഉത്തരം

(എ) 26180.42 ഏക്കർ കാണിപ്പാറ ഭൂമി ഉണ്ട്.

(ബി) ഈ ഭൂമിയിൽ ഇപ്പോൾ 2728 കുടുംബക്കാർ താമസിച്ചു കൃഷിചെയ്യുന്നവരാണ്.

(സി) കാണിപ്പാറ ഭൂമികളിൽനിന്നു കുത്തകപ്പാട്ട ഇനത്തിൽ ഇപ്പോൾ 24,544 രൂപ 15 അണ 1 പൈസ വരവുണ്ട്. ഇവ ആണ്ടുതോറും പിരിച്ചെടുത്തുവരുന്നതാണ്.

(ഡി) കാണിപ്പാറ ഭൂമികൾ പതിച്ചുകൊടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. കുത്തകപ്പാട്ടമായി കൊടുക്കാൻ നടപടി നടന്നുവരുന്നുണ്ട്.

(ഇ) നെയ്യാർ ഡാമിൻറെ ക്യാച്ച്മെൻറ് ഏരിയായിൽ നഷ്ടപ്പെടാവുന്ന കാണിപ്പാറ ഭൂമിയുടെ വിസ്തീർണ്ണം 1097.29 ഏക്കർ ആകുന്നു. പുറമ്പോക്ക് ഭൂമിയും പാർപ്പിടവും നഷ്ടപ്പെടാവുന്ന ഉദ്ദേശം 375 വീട്ടുകാർ താമസമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) അനേക മൊല്ലങ്ങളായി കാനിപ്പുറം ഭൂമിയിൽ താമസിച്ചു കൃഷിചെയ്യുവരുന്നത് കാനിക്കാർ മാത്രമാകുന്നു. അവരെ ഒഴിപ്പിക്കണമെങ്കിൽ അവരുടെ ദേഹണ്ഡങ്ങൾക്കു പ്രതിഫലം കൊടുക്കണമെന്നു് ഗവണ്മെൻറിൽനിന്നും ഉത്തരവായിട്ടുണ്ടു്.

കന്നാംപഞ്ചവത്സരപദ്ധതിയിൽ 1955-56-ലേയ്ക്കു് നിക്കിവച്ചതുക

57. [4] ശ്രീ. യു. നീലകണ്ഠൻ : തദ്ദേശ പ്രയുന്നഭരണങ്ങൾക്കു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നാംപഞ്ചവത്സരപദ്ധതിയിൽ 1955-56-ലേയ്ക്കു് നിക്കിവച്ചിരുന്ന തുക എത്ര ;

(ബി) പ്രസ്തുത വർഷം ഫെബ്രുവരിവരെ ചെലവാക്കിയ തുക എത്ര ;

(സി) മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന വകുപ്പുകൾ ഏതെല്ലാം ; എത്ര തുക വീതം ?

ഉത്തരം.

(എ) 1002.96 ലക്ഷം രൂപ.

(ബി) 1955 ഡിസംബർ 31-ാംതീയതി വരെയുള്ള ചെലവുതുകയേ ലഭിച്ചിട്ടുള്ളൂ. അതിൻപ്രകാരം 315.36 ലക്ഷം രൂപ ചെലവുചെയ്തിട്ടുണ്ടു്.

(സി) മാർച്ചുവരെയുള്ള കണക്കുകൾ പൂർത്തിയായശേഷമേ ഈ വിവരം ലഭിക്കുകയുള്ളൂ. ഇപ്പോൾ ഡിസംബർ വരെയുള്ള കണക്കുകളാണു് ലഭിച്ചിരിക്കുന്നതു്.

Night-Soil dumping ground at Palluruthy.

58. [7] SHRI J. A. BHAT : Will the Minister for Local Self Government be pleased to state :

(a) have the Government received any memoranda from the residents of the Palluruthy Village regarding the nuisance created by the "Night-soil dumping ground" located there ;

(b) if so, what steps are being taken to check the above-said nuisance; and

(c) has the Government any definite plan for the purpose ?

Answer.

(a) Yes.

(b) The Mattancherry Municipality is taking every effort to minimise the nuisance caused and to keep up the sanitary condition.

(c) The scheme of manufacture of Compost-manure by trench system is under contemplation of the Municipality and the preliminaries such as construction of shed etc. are already over.

LIBRARY ARCHIVES Kerala Legislative Assembly